4781
11/3/19

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - 2018 ആഗസ്റ്റ് മാസത്തെ മഹാപ്രളയം-കാർഷിക വായ്പകളിന്മേലുള്ള ആനുകൂല്യങ്ങൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്

G.O.(Rt)No.885/2019/RD തീയതി,തിരുവനന്തപുരം, 08/03/2019

---

പരാമർശം:- 07/03/2019 ലെ സ.ഉ.(കൈ) നം.41/2019/കൃഷി

**ഉത്തരവ്**

2018 ആഗസ്റ്റ് മാസത്തെ മഹാപ്രളയത്തിൽ കാർഷിക മേഖലയ്ക്കുണ്ടായ വൻ നാശനഷ്ടം കണക്കിലെടുത്ത് പ്രളയ ബാധിത മേഖലയിലെ കാർഷിക വായ്പകളിന്മേൽ ആനുകൂല്യങ്ങൾ നൽകി പരാമർശം പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിലെ തീരുമാനങ്ങളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകുന്നതുമായി ബന്ധപ്പെട്ട വിഷയത്തിന്മേൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

ദീർഘകാല വിളകൾക്ക് പുതുതായി അനുവദിക്കുന്ന വായ്പകളുടെ പലിശ, ലോൺ അനുവദിക്കുന്നതു മുതൽ ഒരു വർഷത്തേയ്ക്ക് നബാർഡ് മാതൃകയിൽ 9% വരെ , ആവശ്യമായ തുക സംബന്ധിച്ച വിശദമായ പ്രപ്പോസൽ ബന്ധപ്പെട്ട വകുപ്പ് മുഖേന സമർപ്പിക്കുന്ന മുറയ്ക്ക്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതാണ്.

പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് എസ്.ഡി.ആർ.എഫ് സഹായത്തിനുപരിയായി സംസ്ഥാന സർക്കാർ നൽകുന്ന ധനസഹായ ഇനത്തിൽ കുടിശ്ശികയായ 54 കോടി രൂപ (അമ്പത്തിനാല് കോടി രൂപ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

ടി 54 കോടി രൂപ (അമ്പത്തിനാല് കോടി രൂപ) 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർക്ക് അനുവദിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GEETHA L
SPECIAL SECRETARY

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം,

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

സെക്രട്ടറി, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ, തിരുവനന്തപുരം

ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

കൃഷി( കൃഷി) വകുപ്പ്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്,

സഹകരണ വകുപ്പ്/ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്/മത്സ്യബന്ധന തുറമുഖ വകുപ്പ്

റവന്യൂ (ഡിആർഎഫ്--ബി, സി വകുപ്പ്)

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ